**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ-ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി സംസ്ഥാനത്തെ ഇക്കോ-ടൂറിസം പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ച സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട വനാശ്രിതർക്ക് ഇക്കാലയളവിൽ നൽകിയ സഹായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കോവിഡ് മഹാമാരി സംസ്ഥാനത്ത് ബാധിച്ച കാലയളവിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന വനാശ്രിതർക്ക്, അതത് വനവികസന ഏജൻസികളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ, പങ്കാളിത്ത അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിലും, മറ്റു വനസംരക്ഷണ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തികൊണ്ട് ഉപജീവനത്തിന് ആവശ്യമായ തൊഴിലുകൾ നല്കുകയും, വന സംരക്ഷണ സമിതി / ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റികൾ മുഖേന ഭക്ഷ്യകിറ്റുകളും കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് ആവശ്യമായ മാസ്ക്, സാനിട്ടൈസർ മുതലായവ ലഭ്യമാക്കുകയും, ബോധവൽക്കരണ-രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ